# മാർഗ്ഗനിർദ്ദേശങ്ങൾ

## സ്കോൾ-കേരള നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) കോഴ്സിന്റെ സവിശേഷതകളെയും പുതിയ പഠനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനെയും കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

സ്കോൾ-കേരള മുഖാന്തിരം തൊഴിലധിഷ്ഠിത കോഴ്സായ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ളിക്കേഷൻ (ഡി.സി.എ) കോഴ്സ് തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ആരംഭിക്കുവാൻ സർക്കാർ ഉത്തരവ് നം. 4664/2013/G.Edn തീയതി. 04.11.2013 പ്രകാരം ഉത്തരവായിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ 189 ഹയർസെക്കണ്ടറി സ്കൂളുകൾ ഡി.സി.എ പഠന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കോഴ്സ് സർട്ടിഫിക്കറ്റ് പി.എസ്.സി വഴി ജോലി ലഭിക്കുന്നതിനുള്ള യോഗ്യതയായി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഹയർസെക്കണ്ടറി തല വിദ്യാർത്ഥികൾക്ക് ഹയർസെക്കണ്ടറി കോഴ്സിനൊപ്പം തങ്ങളുടെ സ്കൂളിൽ തന്നെ പഠിക്കാവുന്ന ഒരു തൊഴിലധിഷ്ഠിത കോഴ്സാണിത്. സർക്കാരിന് കീഴിലുള്ള വിവിധ ഏജൻസികൾ സംഘടിപ്പിക്കുന്ന ഡി.സി.എ കോഴ്സുകളെക്കാൾ കുറഞ്ഞ നിരക്കിലുള്ള ഫീസാണ് (5100+200 കോഷൻ ഡെപ്പോസിറ്റ്) സ്കോൾ-കേരള ഈടാക്കുന്നത്.

സ്കോൾ-കേരള ഡി.സി.എ കോഴ്സ് എട്ടാം ബാച്ചിന്റെ രജിസ്ട്രേഷൻ നടപടികൾ 2022 ജൂലൈ അവസാനവാരം ആരംഭിക്കുന്നതാണ്. ഡി.സി.എ കോഴ്സ് പഠനകേന്ദ്രം പുതുതായി ആരംഭിക്കുവാൻ താൽപ്പര്യമുള്ള സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾമാർ സ്കോൾ-കേരള വെബ് സൈറ്റായ www.scolekerala.org ൽ പ്രസിദ്ധീകരിച്ചിട്ടുള്ള നിർദ്ദിഷ്ട അപേക്ഷാ ഫാറം ഡൗൺലോഡ് ചെയ്തെടുത്ത് സംസ്ഥാന കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

### കോഴ്സിന് ചേരാനുള്ള യോഗ്യതയും മറ്റ് മാനദണ്ഡങ്ങളും

1. സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി/വൊക്കേഷണൽ സ്കൂളുകൾ ആയിരിക്കും ഡി.സി.എ പഠനകേന്ദ്രങ്ങളായി അനുവദിക്കുക
2. പഠനകേന്ദ്രത്തിനായി അപേക്ഷിക്കുന്ന സ്കൂളുകൾക്ക് കുറഞ്ഞത് 12 കമ്പ്യൂട്ടറുകൾ ഉള്ള കമ്പ്യൂട്ടർ ലാബ് സൗകര്യം ഉണ്ടായിരിക്കണം. ലാബ് സൗകര്യമില്ലാത്ത ഹയർസെക്കണ്ടറി സ്കൂളുകൾക്ക് ഹൈസ്കൂൾ പ്രഥമ അധ്യാപികയുടെ സമ്മതത്തോടുകൂടി സ്കൂൾ ലാബ് ഉപയോഗിക്കാവുന്നതാണ്. ഇത്തരം സ്കൂളുകളുടെ അപേക്ഷകൾ പ്രഥമ അധ്യാപികയുടെ സമ്മതപത്രത്തോടുകൂടി മാത്രമെ സ്വീകരിക്കുകയുള്ളു.
3. എസ്.എസ്.എൽ.സി /തത്തുല്യ യോഗ്യതയുള്ള ആർക്കും പ്രായപരിധിയില്ലാതെ പ്രവേശനം നേടാം.
4. ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ സമയങ്ങളിൽ രണ്ടാം ശനി, ഞായർ മറ്റ് പൊതു അവധി ദിവസങ്ങളിലാണ് സമ്പർക്ക ക്ലാസ്സുകൾ ക്രമീകരിച്ചിട്ടുള്ളത്.
5. 6 മാസമാണ് കോഴ്സ് കാലാവധി. 120 മണിക്കൂർ തിയറി ക്ലാസ്സും 120 മണിക്കൂർ പ്രാക്റ്റിക്കൽ ക്ലാസ്സും ഉൾപ്പെടെ ബാച്ച് ഒന്നിന് 240 മണിക്കൂർ സമ്പർക്ക ക്ലാസ്സ് ലഭ്യമാക്കും.
6. കോഴ്സ് ഫീസ് 5300 രൂപയാണ്. രണ്ട് തുല്യ തവണകളായി ഓൺലൈനായോ ഓഫ്ലൈനായോ ഫീസ് ഒടുക്കാവുന്നതാണ്.
7. ഒരു പഠനകേന്ദ്രത്തിൽ ഒരു ബാച്ചിൽ കുറഞ്ഞത് 35 വിദ്യാർത്ഥികൾ ഉണ്ടായിരിക്കണം.

8 ഡി.സി.എ കോഴ്സ് സമ്പർക്ക ക്ലാസ്സ് സംഘാടനം, പരീക്ഷ നടത്തിപ്പ്, അധ്യാപകരുടെയും അനധ്യാപകരുടെയും പ്രതിഫലവും, സ്കൂളിലുള്ള കമ്പ്യൂട്ടർ മെയിന്റനൻസ് (ലാബ്) ഫീസ് എന്നിവ ക്ലെയിം ചെയ്യുന്നത് പ്രകാരം സ്കോൾ-കേരള മാനദണ്ഡങ്ങൾക്കനുസൃതമായി തുക അനുവദിക്കുന്നു.

9 വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, പരീക്ഷ ഫീസ് എന്നിവ സ്കോൾ-കേരളയുടെ പ്രത്യേക ചെലാനിൽ പോസ്റ്റ് ഓഫീസുകൾ മുഖേനയും ഓൺലൈനായും ഒടുക്കാനുള്ള ക്രമീകരണം ഉണ്ട്.

10 സ്കോൾ-കേരള ലഭ്യമാക്കുന്ന മാതൃക ടൈംടേബിൾ പ്രകാരം സമ്പർക്ക ക്ലാസ്സുകൾ ക്രമീകരിച്ച്, അധ്യാപക/അനധ്യാപക, വിദ്യാർത്ഥികളുടെ ഹാജർ നില കൈകാര്യം ചെയ്യുക, സ്കോൾ-കേരളയിൽ നിന്നും ലഭ്യമാകുന്ന സർക്കുലറുകൾ യഥാസമയം പ്രിൻസിപ്പാളിന്റെ ശ്രദ്ധയിൽപ്പെടുത്തി സമയബന്ധിതമായി ജോലികൾ പൂർത്തിയാക്കുക എന്നീ ഉത്തരവാദിത്വങ്ങൾ കോർഡിനേറ്റിംഗ് ടീച്ചർ നിർവഹിക്കേണ്ടതാണ്.

11 ഡി.സി.എ കോഴ്സ് രജിസ്ട്രേഷൻ അനുബന്ധ അപേക്ഷകൾ വിദ്യാർത്ഥികൾ അതത് പഠന കേന്ദ്രങ്ങളിലാണ് സമർപ്പിക്കുന്നത്. ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ സ്കോൾ-കേരള നിർദ്ദേശാനുസരണം യഥാസമയം സംസ്ഥാന ഓഫീസിൽ തപാൽ മാർഗ്ഗം ലഭ്യമാക്കണം.

12 പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കോൾ-കേരളയിൽ നിന്നും ലഭ്യമാകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പരീക്ഷകേന്ദ്രം നിർവഹിക്കേണ്ട ചുമതലകളുടെ ഉത്തരവാദിത്വം ചീഫ് സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

13 ഡി.സി.എ കോഴ്സ് പഠനകേന്ദ്രമായി അനുവദിക്കുന്ന സ്കൂളിന് സമ്പർക്ക ക്ലാസ്സ് സംഘാടനത്തിനായി ചുവടെ പറയുന്ന നിരക്കിൽ പ്രതിഫലം അനുവദിക്കും

| | |
|---|---|
| പ്രിൻസിപ്പാൾ | - രൂപ 6000/- ബാച്ച് |
| കോഡിനേറ്റിംഗ് ടീച്ചർ | - രൂപ 12000/- ബാച്ച് |
| ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന അധ്യാപകന് | - രൂപ 200/- മണിക്കൂറിന് |
| ലാബ് അസിസ്റ്റന്റ് | - രൂപ 100/- 3 മണിക്കൂറിന് |
| ലാബ് മെയിന്റനൻസ് ഫീസ് | - ഒരു വിദ്യാർത്ഥിക്ക് 400/- രൂപ എന്ന ക്രമത്തിൽ |

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**(ഇൻചാർജ്ജ്)**

STATE COUNCIL FOR OPEN AND LIFELONG EDUCATION · KERALA
Vidhya Bhavan
Poojappura
Thiruvananthapurm
695012
* SCOLE-KERALA *